**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1368** **04-02-2019 ൽ മറുപടിക്ക്**

## പാട്ടകാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കാൻ നടപടി

**ചോദ്യം**

ശ്രീ.പി. ഉണ്ണി

**മറുപടി**

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമികളുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(എ) പാട്ടക്കാലാവധി കഴിഞ്ഞ 415 കേസുകളിലായി 1155.31 കോടി രൂപ പാട്ടകുടിശ്ശികയുണ്ട്. ആയതിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള പട്ടിക ചുവടെ ചേർക്കുന്നു.

**പട്ടിക**

| ക്രമ നം | ജില്ല | കേസുകളുടെ എണ്ണം | തുക |
|---|---|---|---|
| 1 | തിരുവനന്തപുരം | 85 | 1540759680 |
| 2 | കൊല്ലം | 49 | 956498636 |
| 3 | ആലപ്പുഴ | 14 | 14620656 |
| 4 | പത്തനംതിട്ട | 28 | 48392196 |
| 5 | കോട്ടയം | 14 | 113838088 |
| 6 | ഇടുക്കി | 31 | 2644244 |
| 7 | എറണാകുളം | 96 | 5854122597 |
| 8 | തൃശ്ശൂർ | 21 | 2131708266 |
| 9 | പാലക്കാട് | 9 | 34120309 |
| 10 | മലപ്പുറം | 10 | 114943066 |
| 11 | കോഴിക്കോട് | 11 | 703316174 |
| 12 | കണ്ണൂർ | 16 | 3190079 |
| 13 | വയനാട് | 0 | 0 |
| 14 | കാസർഗോഡ് | 31 | 34982459 |
| | **മൊത്തം** | **415** | **11553136450** |

(ബി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ചുപിടിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) പാട്ട കാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കാനായി നിയമം അനുശാസിക്കുന്നവിധം ഓരോ കക്ഷികൾക്കും നോട്ടീസ് നൽകി നേരിൽ കേൾക്കുന്നതിനും നാളിതുവരെ ഉള്ള പാട്ടത്തുക നിലവിലെ ചട്ടങ്ങൾ പ്രകാരം ഈടാക്കാനും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കുന്നതിന് വിശദമായ പ്രൊപ്പോസൽ തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്നതിനും അതാത് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാട്ടകുടിശ്ശികയുള്ള

സ്ഥാപനങ്ങളുടെ പാട്ടകുടിശ്ശിക ഈടാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ കൺവീനറെയും, ധന-നിയമ- റവന്യൂ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും സർക്കാർ ഒരു സമിതി രൂപീകരിച്ചിരുന്നു. ടി സമിതി പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ള ഓരോ സ്ഥാപനത്തിന്റെയും കേസ് വിശദമായി പരിശോധിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിനായി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഈ നിർദ്ദേശങ്ങൾ പരിശോധിച്ചു വരികയാണ്.

| | | | |
|---|---|---|---|
| (സി) | പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാടിസ്ഥാനത്തിൽ പ്രത്യേക കമ്മിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി തിരിച്ച് പിടിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**